8. കീടനാശിനികൾ, കുമിൾ നാശിനികൾ എന്നിവ ഭാഗികമായോ പൂർണ്ണമായോ ഒഴിവാക്കി ജൈവ വസ്തുക്കൾ ഉപയോഗിച്ചുള്ള കൃഷി രീതികൾക്ക് രൂപം നല്കി.

9. കൃഷിക്കും വിളവെടുപ്പിനും ഉപയോഗിക്കാവുന്ന യന്ത്രങ്ങൾ വികസിപ്പിച്ചെടുത്തു.

10. അത്യുല്പാദനശേഷിയുള്ള കാലികൾ, കോഴി മുതലായവയെ വികസിപ്പിച്ചെടുത്തു.

11. സംയോജിത മത്സ്യ കൃഷി രീതി വികസിപ്പിച്ചെടുത്തു.

(സി) മേൽപ്പറഞ്ഞവ കൃഷി, മൃഗസംരക്ഷണം, മീൻ വളർത്തൽ, കാർഷിക വനവല്ക്കരണം, കാർഷിക എൻജിനീയറിംഗ് എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. ഇതുമൂലം ഉല്പാദന ക്ഷമതകൂടിയ കോഴി, ആടുമാടുകൾ മുതലായവയും കർഷകരുടെയിടയിൽ പ്രചരിക്കുന്നു. അവയുടെ ശാസ്ത്രീയമായ പരിപാലനം വഴി ഉല്പാദനവും കർഷകരുടെ ആദായവും വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ കർഷകർ നേരിടുന്ന പല പ്രശ്നങ്ങൾക്കും ഇവ പരിഹാരവുമായിട്ടുണ്ട്.

(ഡി) വിലയിരുത്തും.

(ഇ) എല്ലാ ഗവേഷണ ഫലങ്ങൾക്കും പേറന്റ് എടുക്കേണ്ട ആവശ്യം ഇല്ല. തേങ്ങാ പൊതി യന്ത്രത്തിന് പേറന്റ് എടുക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഇതിന്റെ ആവശ്യം ഉണ്ടായിട്ടില്ല.

## സംസ്ഥാനത്ത് കൃഷിക്ക് ഉപയുക്തമായ സ്ഥലം

6 [1928] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ എത്ര ഹെക്ടർ സ്ഥലം ഉണ്ട്;

(ബി) ഇതിൽ എത്ര ശതമാനം സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്;

(സി) കൃഷി സ്ഥലങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ പ്രോൽസാഹനങ്ങളാണ് നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1992-93-ലെ കണക്കനുസരിച്ച് കേരളത്തിൽ കൃഷിക്ക് പറ്റിയതായി 24,44,262 ഹെക്ടർ സ്ഥലമുണ്ട്.

(ബി) 92 ശതമാനം സ്ഥലത്ത് കൃഷിചെയ്യുന്നുണ്ട്.

(സി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ 1994-95-ൽ 500 ഹെക്ടർ സ്ഥലത്ത് കശുമാവ് വികസന പദ്ധതി നടപ്പാക്കി. സംസ്ഥാന പദ്ധതിയായ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായം നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly